**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 327** **29-01-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ പെർമിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷ നൽകുന്ന സമയത്ത് തറയുടെ നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ആയത് പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണ ഇനത്തിൽപ്പെടുത്താമോ; | (എ) | കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷ നൽകുന്ന സമയത്ത് തറയുടെ നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ആയത് കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019/ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 92, ചട്ടം 92 ന്റെ പ്രോവിസോ(2) എന്നിവ പ്രകാരം പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണ ഇനത്തിൽപ്പെടുന്നു. |
| (ബി) | അങ്ങനെയെങ്കിൽ ആയതിന് ഫൈൻ ഒടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതെങ്ങനെയാണ് കണക്കാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കെട്ടിട നിർമ്മാണ പെർമിറ്റ് നേടാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019/ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 92 പ്രോവിസോ (2) പ്രകാരം കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 / കേരള പഞ്ചായത്ത്കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95(4) പ്രകാരം കോമ്പൗണ്ടിംഗ് ഫീ എന്നത് " The compounding fee shall be double the permit fee in force” ആണ്. |
| (സി) | ഫൈൻ ഇനത്തിലല്ലാതെ ക്രമപരമായ ഇനത്തിലാണ് തുക കണക്കാക്കുന്നതെങ്കിൽ പൊതുവേ ഏകീകരിച്ച മാനദണ്ഡങ്ങളുണ്ടോ ; വിശദമാക്കാമോ; | (സി) | കെട്ടിട നിർമ്മാണ പെർമിറ്റ് നേടാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019/ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 92 പ്രോവിസോ (2) പ്രകാരം കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുണ്ട്. |
| (ഡി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും പ്രത്യേകം പ്രത്യേകം തുകയോ ഫൈനോ തീരുമാനിക്കാമോ ? | (ഡി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും പ്രത്യേകം പ്രത്യേകം തുകയോ ഫൈനോ തീരുമാനിക്കാൻ കഴിയില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019/ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം |

| | | | |
|---|---|---|---|
| | | | 95(4) പ്രകാരം കോമ്പൗണ്ടിംഗ് ഫീ ആണ് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഈടാക്കേണ്ടത്. |

സെക്ഷൻ ഓഫീസർ